# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## സഭയുടെ അടിസ്ഥാനം ക്രിസ്തു മാത്രം



വത്തിക്കാൻ സിറ്റി: സഭയിലെ എല്ലാ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടതും അവസാനിക്കേണ്ടതും ക്രിസ്തുവിലാണെന്ന് ഫ്രാൻസിസ് മാർപാപ്പ. ക്രിസ്തു മാത്രമാണ് സഭയുടെ അടിസ്ഥാനമെന്നും മറ്റൊരു അടിസ്ഥാനം സ്ഥാപിക്കാൻ ആരും ശ്രമിക്കരുതെന്നും പത്രോസിന്റെ സിംഹാസനത്തിന്റെ തിരുനാളിനോടനുബന്ധിച്ച് റോമൻ കൂരിയ അംഗങ്ങൾക്കായി അർപ്പിച്ച ദിവ്യബലിയിൽ പാപ്പ പങ്കുവച്ചു.

പ്രശ്നങ്ങൾ സഭയെ കലുഷിതമാക്കുന്ന അവസരങ്ങളിൽപ്പോലും പത്രോസാകുന്ന പാറമേൽ പണിയപ്പെട്ടതുകൊണ്ട് സഭ മറിഞ്ഞുവീഴില്ലെന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ പാപ്പ അനുസ്മരിച്ചു. വാസ്തവത്തിൽ ക്രിസ്തുവാകുന്ന മൂലക്കല്ലിൻമേലാണ് പത്രോസും സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത് എന്ന യേശുവിന്റെ ചോദ്യം പത്രോസിനോട് മാത്രമല്ല നിങ്ങൾ ഒരോരുത്തരോടുമുള്ള ചോദ്യമാണ്. ആ ചോദ്യം നിറയെ സ്നേഹമാണ്. യേശുവിനെ ദൈവപുത്രനും നമ്മുടെ ജീവിതത്തിന്റെ കർത്താവുമായി ഏറ്റുപറഞ്ഞുകൊണ്ട് അവനിലുള്ള വിശ്വാസം പുതുക്കാനുള്ള ക്ഷണമാണത്; കൂരിയ അംഗങ്ങളോട് പാപ്പ വിശദീകരിച്ചു.

യേശുവിന്റെ സഹപ്രവർത്തകരാകാനാണ് കൂരിയ അംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പാപ്പ പറഞ്ഞു. സ്വജീവിതത്തിലൂടെ രൂപാന്തരപ്പെടുത്തുന്ന കൃപയുടെ ശക്തിക്കും നവീകരിക്കുന്ന പരിശുദ്ധാത്മശക്തിക്കും സാക്ഷ്യം നൽകുക എന്നതാണ് നമ്മുടെ അടിസ്ഥാന ദൗത്യം. വിശ്വസ്തതയും കരുണയും പരസ്പരപൂരകങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയത്തിന് അനുരൂപമായ വിധത്തിൽ പ്രവർത്തിക്കുന്നതാണ് വിശ്വസ്തത. നല്ലിടയനായ ദൈവത്തിന്റെ മുഖം അജപാലകരെന്ന നിലയിൽ നിങ്ങളെ പ്രകാശിപ്പിക്കുകയും ശുദ്ധീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും പുനരുദ്ധരിക്കുകയും ചെയ്യട്ടെ. നിങ്ങളെ കണ്ടുമുട്ടുന്ന എല്ലാവർക്കും നല്ലിടയന്റെ സ്നേഹാർദ്രമായ പരിഗണന ലഭിക്കട്ടെ. നിങ്ങളെ കണ്ടുമുട്ടുന്ന ആർക്കും അവഗണിക്കപ്പെട്ടുവെന്ന തോന്നൽ ഉണ്ടാകാതിരിക്കട്ടെ; അജഗണങ്ങൾക്ക് മാതൃകയാകാൻ ആഹ്വാനം ചെയ്തുകൊണ്ട് പാപ്പ കൂരിയ അംഗങ്ങളോട് പങ്കുവച്ചു.

കടപ്പാട്: in.sundayshalom.com